	ഇന്ത്യൻ സമുദ്ര ഫിഷറീസ് ബിൽ 2021	
	പരമ്പരാഗത ചെറുകിട മീൻപിടുത്തക്കാരുടെ ജീവന, സാമൂഹ്യ –സാമ്പത്തിക ക്ഷേമം അഭിവൃദ്ധിപ്പെടുത്തുവാനും, ഇന്ത്യയുടെ സാമ്പത്തിക പരമാധികാര സമുദ്ര മേഖലയിലുള്ള മത്സ്യ വിഭവങ്ങളുടെ സുസ്ഥിര വികസനം സാധ്യമാക്കുവാനും , സാമ്പത്തിക പരമാധികാര മേഖലയ്ക്കു പുറത്തുള്ള കടലിൽ നിന്നും ഇന്ത്യൻ മീൻപിടുത്ത യാനങ്ങൾ ഉപയോഗിച്ച് മീൻപിടുത്തം നടത്തുന്നത് ഉത്തരവാദിത്തപൂർവ്വം ആണെന്ന് ഉറപ്പുവരുത്തുവാനും ലക്ഷ്യമിടുന്ന ഒരു ബിൽ	
	ഇന്ത്യൻ റിപബ്ലിക്കിന്റെ എഴുപത്തി രണ്ടാം വർഷത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമ നിർമ്മാണം നടത്തുവാനായി പാർലമെന്റിനു മുൻപാകെ സമർപ്പിക്കുന്നത് :	
	അദ്ധ്യായം 1 **പ്രാരംഭം**	
സംഗൃഹത നാമവും തുടക്കകാലവും	1.(1) ഈ നിയമത്തെ ഇന്ത്യൻ സമുദ്ര ഫിഷറീസ് നിയമം ,2021 എന്ന് വിളിക്കാം.	
	(2) ഔദ്യോഗിക ഗസറ്റ് വഴി കേന്ദ്ര സർക്കാർ വിജ്ഞാപനം നടത്തുന്ന തീയതി മുതൽ ,	
	ഈ നിയമത്തിന്റെ വിവിധ ഭാഗങ്ങൾ നടപ്പിൽ വരുത്തുവാൻ സർക്കാർ തീരുമാനിക്കുന്ന വിവിധ തീയതികൾ ആകാം എന്നത് പരിഗണിച്ചുകൊണ്ട്, ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്.	
സാധുത	2. ഈ നിയമം താഴെപ്പറയുന്ന തരം മീൻപിടുത്തത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും ബാധകമാകും:	
	(i)ഇന്ത്യയുടെ ടെറിടോറിയൽ കടലിന് അപ്പുറവും തൊട്ടുകിടക്കുന്നതുമായ സാമ്പത്തിക പരമാധികാര സമുദ്ര മേഖലയിലും അതിനു പുറത്തുള്ള അന്താരാഷ്ട്ര സമുദ്ര മേഖലയിലും (പുറം കടൽ) ഇന്ത്യൻ മത്സ്യ ബന്ധന യാനങ്ങൾ നടത്തുന്ന മീൻപിടുത്ത പ്രവർത്തനങ്ങൾ	
	(ii) ഇന്ത്യയുടെ സമുദ്ര മേഖലയിൽ (മാരി ടൈം സോൺ) കടക്കുന്ന വിദേശ മത്സ്യ ബന്ധന യാനങ്ങൾ	
നിർവ്വചനങ്ങൾ	3. സാഹചര്യം മറ്റൊന്ന് ആവശ്യപ്പെടുന്നതുവരെ ഈ നിയമത്തിൽ,-	

	(a) “അംഗീകൃത ഉദ്യോഗസ്ഥൻ” വകുപ്പ് 22 ന്റെ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട അംഗീകൃത ഉദ്യോഗസ്ഥൻ എന്ന് അർഥം ആകുന്നു	
	(b) ‘കൺസൾട്ടേറ്റീവ് കമ്മിറ്റി (പര്യാലോചനാ സമിതി)’ വകുപ്പ് 21 നു കീഴിൽ രൂപീകരിക്കപ്പെടുന്ന സമുദ്ര മത്സ്യ ബന്ധനത്തിന് വേണ്ടിയുള്ള കൺസൾട്ടേറ്റീവ് കമ്മിറ്റി എന്ന് അർഥം ആകുന്നു.	
	(c) “സാമ്പത്തിക പരമാധികാര സമുദ്ര മേഖല” ടെറിടോറിയൽ കടൽ, കോണ്ടിനെന്റൽ തട്ട്, സാമ്പത്തിക പരമാധികാര മേഖല , മറ്റ് സമുദ്ര മേഖല (മാരിടൈം സോൺ) ഇവയുമായി ബന്ധപ്പെട്ട നിയമം ,1976 ,വകുപ്പ് 7 പ്രകാരം ഉള്ള സാമ്പത്തിക പരമാധികാര സമുദ്ര മേഖല എന്ന് അർഥം ആകുന്നു.	
	(d) “മത്സ്യം” ചിറകുള്ളവയോ, മോളുസ്ക് വർഗത്തിൽപ്പെട്ടതോ, കവചം ഉള്ളവയോ, ആയവയും, എന്നാൽ സമുദ്ര സസ്തനികൾ ,ഉരഗങ്ങൾ, കടൽ പക്ഷികൾ ഇവയിൽ പെടാത്തതും ആയ എല്ലാ സമുദ്ര ജന്തുക്കളും സസ്യങ്ങളും എന്ന് അർഥം ആകുന്നു.	
	(e) “മീൻപിടുത്തക്കാരൻ” (ഫിഷർ) ജീവനത്തിനോ ലാഭത്തിനോ വേണ്ടി മീൻപിടുത്തം, അനുബന്ധ പ്രവർത്തനം എന്നിവ നടത്തുന്ന ഏതൊരാളും, കൂടാതെ മത്സ്യ തൊഴിലാളിയും എന്ന് അർഥം ആകുന്നു	
	(f) “മീൻപിടുത്തം” മീൻ തിരയൽ, അനുധാവനം ചെയ്യൽ, ഏതെങ്കിലും രീതി ഉപയോഗിച്ച് പിടിച്ചെടുക്കൽ , എന്ന് അർഥം ആകുന്നു.	
	(g) “മീൻപിടുത്ത അനുബന്ധ പ്രവർത്തനം” മീൻ ലാണ്ടിംഗ്, പായ്ക്ക് ചെയ്യൽ, വിപണനം ,സംസ്കരണം,കേടുകൂടാതെ സൂക്ഷിക്കൽ, അഥവാ ജീവനോടെ ഗതാഗതം ചെയ്യൽ, മീൻ തുറകളിലോ തുറമുഖങ്ങളിലോ എത്തപ്പെടുന്നതിനു മുന്നേയുള്ള കൈമാറ്റം, അഥവാ മറ്റെന്തെങ്കിലും പ്രവർത്തനങ്ങൾ എന്ന് അർഥം ആകുന്നു.	
	(h) “ഫിഷറീസ്” സമുദ്ര മത്സ്യ വിഭവത്തിന്റെ വിനിയോഗം, വിഭവ സംരക്ഷണം,പരിപാലനം എന്നിവ ഉൾപ്പെടെ മീൻപിടുത്തവും മീൻപിടുത്ത അനുബന്ധപ്രവർത്തനവും എന്ന് അർഥം ആകുന്നു	

	(i) “ഫിഷറീസ് ഡേറ്റ “ ഇന്ത്യയുടെ സമുദ്ര വിഭവങ്ങളുടെ ഫലപ്രദമായ സംരക്ഷണം, പരിപാലനം, ശാസ്ത്രീയ അപഗ്രഥനം, എന്നിവയ്ക്ക് അത്യാവശ്യം ആയ മീൻപിടുത്തവുമായി ബന്ധപ്പെട്ട സാമുഹ്യ,സാമ്പത്തിക,ജീവശാസ്ത്രപര, പാരിസ്ഥിതിക, വിവരങ്ങൾ എന്ന് അർഥം ആകുന്നു.	
	(j) “മീൻപിടുത്ത യാനം”കടലിൽ മീൻപിടുത്തമോ അനുബന്ധ പ്രവർത്തനമോ നടത്തുന്ന , മോട്ടോർ ഘടിപ്പിച്ചതോ യന്ത്രവൽകൃതമോ ആയ കപ്പലോ (ship) ബോട്ടോ (boat) എന്ന് അർഥം ആകുന്നു	
	(k) “വിദേശ മീൻ പിടുത്ത യാനം” ഇന്ത്യൻ മീൻപിടുത്ത യാനം അല്ലാത്ത ഏതു യാനവും എന്ന് അർഥം ആകുന്നു	
	(l) “പുറം കടൽ” (high seas) ഇന്ത്യയുടെ സാമ്പത്തിക പരമാധികാര സമുദ്ര മേഖലയ്ക്കു പുറത്തുള്ളതും എന്നാൽ മറ്റേതെങ്കിലും രാജ്യത്തിന്റെ സാമ്പത്തിക പരമാധികാര സമുദ്ര മേഖലയിൽ പെടാത്തതുമായ സമുദ്രം എന്ന് അർഥം ആകുന്നു.	
	(m) “ഇന്ത്യൻ മത്സ്യബന്ധന യാനം” ഒരു ഇന്ത്യൻ പൗരന്റെ ഉടമസ്ഥതയിൽ ഉള്ളതും മെർച്ചന്റ് ഷിപ്പിംഗ് ആക്റ്റ് 1956 പ്രകാരമോ നിലവിൽ ഉള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ രജിസ്റ്റർ ചെയ്യപ്പെട്ടതോ ആയ മത്സ്യബന്ധന യാനം എന്ന് അർഥം ആകുന്നു	
	(n) “ലൈസെൻസ്” ഈ ആക്ടിന്റെ വകുപ്പ് 17 , ഉപ വകുപ്പ് (5) പ്രകാരം മീൻ പിടുത്തത്തിനോ അനുബന്ധ പ്രവർത്തനത്തിനോ വേണ്ടി നൽകപ്പെട്ട ലൈസെൻസ് എന്ന അർഥം ആകുന്നു	
	(o) “ലൈസെൻസിംഗ് അതോറിട്ടി” സംസ്ഥാന സർക്കാരുകൾ അവരുടെ സമുദ്ര മത്സ്യ ബന്ധന നിയന്ത്രണ നിയമങ്ങൾക്ക് കീഴിൽ നിയോഗിച്ച ലൈസെൻസിംഗ് അതോറിട്ടി എന്ന അർഥം ആകുന്നു	
	(p) “മാരിടൈം സോൺസ് ഓഫ് ഇന്ത്യ” ഇന്ത്യയുടെ ടെറിട്ടോറിയൽ സമുദ്രവും ഇന്ത്യുടെ സാമ്പത്തിക പരമാധികാര മേഖലയും എന്ന അർഥം ആകുന്നു	

	(q) “മാസ്റ്റർ അഥവാ സ്കിപ്പർ” (സ്രാങ്ക്) മത്സ്യബന്ധന യാനത്തിന്റെ നിയന്ത്രണമോ ഉത്തരവാദിത്തമോ ഉള്ള വ്യക്തി എന്ന അർഥം ആകുന്നു	
	(r) “യന്ത്രവൽകൃത മത്സ്യബന്ധന യാനം” ഹള്ളിൽ യന്ത്രം ഘടിപ്പിക്കപ്പെട്ടതോ, യാനത്തിന്റെ ഗമനത്തിനോ വല വലിയ്ക്കുന്നതിനോ മറ്റു മീൻപിടുത്ത പ്രവർത്തനങ്ങൾക്കോ യന്ത്ര ശക്തി ഉപയോഗിക്കപ്പെടുന്നതോ ആയ യാനം എന്ന അർഥം ആകുന്നു.	
	(s) “മോട്ടോർ ഘടിപ്പിച്ച മത്സ്യബന്ധന യാനം” യാനത്തിന്റെ ഗമനത്തിനായി ഇൻ ബോഡ് യന്ത്രമോ , താത്കാലിക ഔട്ട് ബോഡ് യന്ത്രമോ ഉള്ള ഏതു മീൻ പിടുത്ത യാനവും എന്ന അർഥം ആകുന്നു	
	(t) “ദേശീയ സമുദ്ര ഫിഷറീസ് നയം” വകുപ്പ് 4 ന്റെ കീഴിൽ പരാമർശിക്കുന്ന ദേശീയ സമുദ്ര ഫിഷറീസ് നയം എന്ന അർഥം ആകുന്നു.	
	(u) “മോട്ടോർ രഹിത മത്സ്യബന്ധന യാനം” ഗമനത്തിനോ മീൻ പിടുത്തത്തിനോ ഏതെങ്കിലും തരം യന്ത്രശക്തി ഉപയോഗിക്കാത്ത മത്സ്യബന്ധന യാനം എന്ന അർഥം ആകുന്നു	
	(v) “വിജ്ഞാപനം” ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം എന്ന അർഥം ആകുന്നു	
	(w) “ഓപ്പറേറ്റർ” ഉടമ അഥവാ മീൻപിടുത്ത യാനത്തിന്റെ നിലവിലെ നിയന്ത്രണ പരിപാലന ചുമതല ഉള്ളയാൾ എന്ന അർഥം ആകുന്നു	
	(x) “ഉടമ”മീൻ പിടുത്ത യാനത്തിന്റെ ഉടമസ്ഥതയോ ഉടമസ്ഥതയിൽ പങ്കോ ഉള്ള വ്യക്തി എന്ന അർഥം ആകുന്നു വിശദീകരണം: വ്യക്തി എന്നാൽ വ്യക്തിയോ പങ്കാളിയോ കോർപറേറ്റ് ചെയ്യപ്പെട്ടതോ അല്ലാത്തതോ ആയ പൊതുമേഖല അഥവാ സ്വകാര്യ സ്ഥാപനമോ,ആകാം.	
	(y) “നിർദേശിക്കപ്പെട്ട ” എന്നാൽ ഈ ആക്ടിന്റെ കീഴിൽ ഉള്ള നിയമങ്ങൾ വഴി നിർദേശിക്കപ്പെട്ടത് എന്ന അർഥം ആകുന്നു	
	(z) “റിക്രിയേഷണൽ മീൻ പിടുത്തം” കായിക വിനോദത്തിനോ സന്തോഷത്തിനോ വേണ്ടി നടത്തുന്ന മീൻ പിടുത്തം	

	(za) "ചെറുകിട മീൻ പിടുത്തക്കാർ" ഉടമ നടത്തുന്നതോ വൻകിട കമ്പനികൾ ഒഴികെയുള്ള സംരംഭം എന്ന രീതിയിൽ പ്രവർത്തിക്കുന്നതോ, മുതൽമുടക്ക്, ഊർജ ഉപയോഗം എന്നിവ ചുരുങ്ങിയ, ഏക ദിന,ബഹു ദിന ട്രിപ്പുകൾ നടത്തുന്ന , സ്വയം ജീവനത്തിനോ , ആഭ്യന്തര ഉപഭോഗത്തിനോ അഥവാ കയറ്റുമതിയ്ക്കോ വേണ്ടിയുള്ള ഫിഷറീസിൽ ഏർപ്പെടുന്നവർ	
	(zb) "പ്രത്യേക ലൈസെൻസ്" വകുപ്പ് 18 നു കീഴിൽ നൽകപ്പെടുന്ന ലൈസെൻസ്	
	(zc) "സംസ്ഥാന സർക്കാർ" തീരദേശമുള്ള സംസ്ഥാന സർക്കാർ അഥവാ കേന്ദ്ര ഭരണ പ്രദേശം എന്ന അർഥം ആകുന്നു	
	(zd) "ടെറിട്ടോറിയൽ കടൽ " ടെറിട്ടോറിയൽ കടൽ, കോണ്ടിനെന്റൽ തട്ട്, സാമ്പത്തിക പരമാധികാര മേഖല , മറ്റ് സമുദ്ര മേഖല (മാരിടൈം സോൺ) ഇവയുമായി ബന്ധപ്പെട്ട നിയമം ,1976 ,വകുപ്പ് 3 പ്രകാരം ഉള്ള ടെറിട്ടോറിയൽ കടൽ എന്ന അർഥം ആകുന്നു	1976-ലെ 80
	(ze) "പരമ്പരാഗത മീൻപിടുത്തക്കാർ" എന്നാൽ ജീവനോപാധി എന്ന നിലയിൽ പാരമ്പര്യമായി മീൻ പിടുത്തം തൊഴിൽ ആക്കി പ്രാഥമികമായി തീരദേശത്ത് താമസം ആക്കിയവരും ആർട്ടിസനൽ മീൻപിടുത്തക്കാർ ഉൾപ്പെടെയുള്ളവരും അടങ്ങിയ പരമ്പരാഗത സമൂഹം എന്ന അർഥം ആകുന്നു.	
	അദ്ധ്യായം 2 **സുസ്ഥിര വികസനവും മത്സ്യ വിഭവ പരിപാലനവും**	
ദേശീയ സമുദ്ര ഫിഷറീസ് നയം	**4.** (1) സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച്, കേന്ദ്ര സർക്കാർ ദേശീയ സമുദ്ര ഫിഷറീസ് നയം തയാറാക്കി വിജ്ഞാപനം ചെയ്യുന്നതാണ്.	
	(2). ഈ ആക്ടിന്റെ വിവിധ വകുപ്പുകൾ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ തന്ത്രങ്ങൾ ഉൾപെടെ സമുദ്ര ഫിഷറീസ് വികസനത്തിനായുള്ള മാർഗ നിർദേശങ്ങൾ അഥവാ തത്വങ്ങൾ ദേശീയ സമുദ്ര ഫിഷറീസ് നയം മുന്നോട്ട് വെയ്ക്കുന്നതാണ്.	
	(3)ഉപ വുകുപ്പ് (1) പ്രകാരം കാലാകാലം , കേന്ദ്ര സർക്കാർ, ദേശീയ സമുദ്ര ഫിഷറീസ് നയം പുന പരിശോധിച്ച് മാറ്റങ്ങൾ വരുത്തുന്നതാണ്.	

സമുദ്ര ഫിഷറീസ് വികസന പദ്ധതി (പ്ലാൻ)	**5.**(1) സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച്, കേന്ദ്ര സർക്കാർ ഒന്നോ ഒന്നിൽ അധികമോ സമുദ്ര ഫിഷറീസ് വികസന പദ്ധതികൾ , ദേശീയ സമുദ്ര ഫിഷറീസ് നയത്തിന് അനുസൃതമായി തയാറാക്കി വിജ്ഞാപനം ചെയ്യുന്നതാണ്.	
	(2) സമുദ്ര ഫിഷറീസ് വികസന പദ്ധതി (plan)യിൽ താഴെപ്പറയുന്നവ ലക്ഷ്യമാക്കി നടപടികളും പ്രവർത്തനങ്ങളും ഉണ്ടായിരിക്കും:	
	i) മൂല്യ ശൃംഖലയോടൊപ്പമുള്ള സമുദ്ര ഫിഷറീസ് സുസ്ഥിര വികസനം	
	ii) പരമ്പരാഗത, ചെറുകിട മീൻപിടുത്തക്കാരുടെ ജീവനവും ഭദ്രതയും വർധിപ്പിക്കൽ	
	iii) കൃത്യമ പാരുകൾ ,സീ റാഞ്ചിങ്ങ് എന്നിവ വഴി മത്സ്യ സഞ്ചയ വർധന	
	iv) അധിക ജീവന ഉപാധികളുടെ പ്രോത്സാഹനം എന്ന നിലയിൽ റിക്രിയേഷണൽ മീൻ പിടുത്തം, ജല-കായികം,സമുദ്ര ടൂറിസം, തുടങ്ങിയ പരിപാടികൾ	
	v) സമുദ്ര മീൻപിടുത്തക്കാരുടെ ശേഷി/കഴിവ് വർധിപ്പിക്കൽ	
	vi) മൂല്യ ശൃംഖല ബലപപ്പെടുത്തുന്നതിനായി മത്സ്യ സംസ്കരണത്തിന് ആവശ്യമായ പശ്ചാത്തല സൌകര്യ വികസനം	
	vii) കടലിൽ പണിയെടുക്കുന്ന മീൻ പിടുത്തക്കാരുടെ ജീവ സുരക്ഷയും സാമൂഹ്യ സുരക്ഷയും	
സമുദ്ര ഫിഷറീസ് പരിപാലന പദ്ധതി (പ്ലാൻ)	**6**.(1) സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച്, സമുദ്ര വിഭവങ്ങളുടെ പൂർണ്ണ വിനിയോഗം സാക്ഷാൽക്കരിക്കുന്നതിനായി കേന്ദ്ര സർക്കാർ ഒന്നോ ഒന്നിൽ അധികമോ സമുദ്ര ഫിഷറീസ് പരിപാലന പദ്ധതികൾ , ദേശീയ സമുദ്ര ഫിഷറീസ് നയത്തിന് അനുസൃതമായി, തയാറാക്കി വിജ്ഞാപനം ചെയ്യുന്നതാണ്.	
	(2) ഉപ വകുപ്പ് (1) നു കീഴിൽ വിജ്ഞാപനം ചെയ്യുന്ന സമുദ്ര മത്സ്യ പരിപാലന പദ്ധതി , സമുദ്ര മത്സ്യ വിഭവങ്ങളുടെ സംരക്ഷണം ഉൾപ്പടെയുള്ള സുസ്ഥിര വിനിയോഗം ലക്ഷ്യമാക്കി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്	
	i) യാനങ്ങളുടെ എണ്ണവും മീൻപിടുത്ത ശക്തിയും ഉത്തമീകരിക്കുക (ഒപ്ടിമൈസ്)	
	ii) സമയ ബന്ധിതവും സ്ഥല ബന്ധിതവുമായ മീൻ പിടുത്ത നിരോധനം	

	iii) പ്രായപൂർത്തി എത്താത്ത മീനുകളെ സംരക്ഷിക്കുന്നതിനായി, വിവിധ മത്സ്യ ജാതികൾക്ക് അനുയോജ്യമായ രീതിയിൽ കണ്ണി വലിപ്പം നിജപ്പെടുത്തൽ	
	iv) പ്രാദേശികവും മത്സ്യ വിഭവ ബന്ധിതവുമായ മീൻ പിടുത്ത രീതികൾ പ്രോത്സാഹിപ്പിക്കൽ	
	v) ബൈ ക്യാച്, തിരിവ് എന്നിവ പിടിക്കപ്പെടുന്നതിന്റെ അളവ് കുറയ്ക്കൽ	
	3) ഉപ വകുപ്പുകൾ (1), (2) എന്നിവയ്ക്ക് മുൻവിധി ഇല്ലാതെ, കേന്ദ്ര സർക്കാർ - i) പുറം കടലിൽ ഉള്ള മത്സ്യ വിഭവങ്ങൾ ഇന്ത്യൻ മീൻപിടുത്ത യാനങ്ങൾ ഉപയോഗിച്ച് , സുസ്ഥിരവും ഉത്തരവാദിത്ത പൂർണവുമായ രീതിയിൽ വിനിയോഗം ചെയ്യുന്നതിനും അവയുടെ സംരക്ഷണവും പരിപാലനവും നിർവഹിക്കുന്നതിനും വേണ്ട വിവിധ നടപടികൾ, ഇതുമായി ബന്ധപ്പെട്ടതും ഇന്ത്യ ഒപ്പ് വെച്ചിട്ടുള്ളതും ആയ അന്താരാഷ്ട്ര ധാരണകൾക്ക് അനുസൃതമായി, കാലാകാലം , കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്നതാണ്.	
	ii) മത്സ്യ വിഭവങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിനായി, സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് , ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ ഉത്തരവാദിത്ത മത്സ്യ ബന്ധന പെരുമാറ്റ ചട്ടത്തെ അടിസ്ഥാനമാക്കിയും ഫിഷറീസ് പരിപാലനത്തിനുള്ള ആവാസ വ്യവ്സതാധിഷ്ടിത സമീപനം, മുൻകരുതൽ സമീപനം, സഹ പരിപാലനം എന്നിവ സ്വീകരിച്ചും വേണ്ട വിവിധ നടപടികൾ ആവശ്യാനുസരണം വിജ്ഞാപനം വഴി കൊണ്ടുവരുന്നതാണ്.	
	4) ഈ ആക്ടിന്റെ കീഴിൽ ലൈസെൻസ് നൽകപ്പെടുന്ന ഓരോരുത്തരും ഉപ വകുപ്പുകൾ (2), (3) പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട നടപടികൾ അനുസരിക്കേണ്ടതാകുന്നു.	
സമുദ്ര ഫിഷറീസ് ഡാറ്റ	**7**. (1) കേന്ദ്ര സർക്കാരിന്റെ ഫിഷറീസ് ഡിപ്പാർട്ടമെന്റ്, സമുദ്ര ഫിഷറീസ് സംബന്ധിച്ച വിവരങ്ങളുടെ ദേശീയ നിക്ഷേപ കേന്ദ്രം(റിപ്പോസി ട്ടറി) ആയി പ്രവർത്തിക്കും.	
	2) കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരുകളുമായും യുക്തമെന്നു തോന്നുന്ന മറ്റ് ഏജൻസികളുമായും ഏകോപിപ്പിച്ച്- i) ഫിഷറീസ്, ഫിഷറീസ് വിഭവങ്ങൾ, പിടിച്ച് കരയ്ക്കെത്തിക്കപ്പെടുന്ന മത്സ്യം (ലാണ്ടിംഗ്),	

	ഫിഷറീസ് പശ്ചാത്തല സൗകര്യങ്ങൾ, മീൻപിടുത്തക്കാരുടെ സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഡാറ്റയും ശേഖരിക്കുന്നതാണ്; ii) ഉപവാക്യം (i) ൽ സൂചിതമായ വിവരങ്ങൾ സമാഹരിച് അപഗ്രഥനം നടത്തി വ്യാപനം ചെയ്യുന്നതാണ്.	
	3) ഉപ വകുപ്പ് (2) പ്രകാരം ഉള്ള വിവരങ്ങൾ ഏതു രീതിയിൽ സമാഹരണം ,അപഗ്രഥനം, വ്യാപനം എന്നിവ നടത്തേണ്ടതെന്ന് നിർദേശിക്കപ്പെടും	
	4) ഉപ വകുപ്പ് (2) ന്റെ ഉപ വാക്യങ്ങൾ (i) , (ii) പ്രകാരം ഉള്ള പ്രവർത്തനങ്ങൾ ഏതെങ്കിലുമോ എല്ലാമോ , നിർവഹിക്കുന്നതിനായി മറ്റ് എജൻസികളെ ഏൽപിക്കുന്നതിനായി വേണ്ട വിജ്ഞാപനങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്നതാണ്.	
മീൻപിടുത്തക്കാരുടെയും മത്സ്യബന്ധന യാനങ്ങളുടെയും സുരക്ഷയും നിരപായവും	**8** . (1) കടലിൽ മീൻപിടുത്തം നടത്തുന്ന മീൻപിടുത്തക്കാരുടെയും യാനങ്ങളുടെയും സുരക്ഷയും നിരപായവും ഉറപ്പാക്കുന്നതിനായുള്ള നിരീക്ഷണ, നിയന്ത്രണ സംവിധാനങ്ങൾ ,സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് നടപ്പിൽ വരുത്തുന്നതാണ്.	
	2) ഉപ വകുപ്പ് (1) പ്രകാരം വിവിധ തരം മീൻ പിടുത്ത യാനങ്ങളിൽ ഘടിപ്പിക്കേണ്ട നിരീക്ഷണ, നിയന്ത്രണ സംവിധാനങ്ങളുടെയും അത്തരം യാനങ്ങൾ എവിടെയൊക്കെ മീൻ പിടുത്തം നടത്തണം എന്നതിലെയ്ക്കും ഉള്ള മാനദണ്ഡങ്ങൾ ഉൾപ്പെടെയുള്ള വിവിധ നടപടികൾ, സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ നിർദേശിക്കുന്നതാണ്.	
	3) ഒരു മീൻപിടുത്ത യാനത്തിൽ ഉള്ള ഓരോ മീൻപിടുത്തക്കാരനും ക്രൂ അംഗവും ആധാർ കാർഡ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ രേഖ കൈവശം സൂക്ഷിക്കേണ്ടതാകുന്നു.	
നിയമ വിരുദ്ധ, നിയന്ത്രണ രഹിത, അപ്രസ്താവിത മീൻ പിടുത്തത്തിനെതിരെയുള്ള ദേശീയ പ്ലാൻ	**9**. (1) സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് , ലോക ഭക്ഷ്യ കാർഷിക സംഘടന പുറപ്പെടുവിച്ചിട്ടുള്ള, നിയമ വിരുദ്ധ, നിയന്ത്രണ രഹിത, അപ്രസ്താവിത മീൻ പിടുത്തത്തിനെതിരെയുള്ള അന്തർ ദേശീയ പ്ലാൻ അനുസരിച്ച് ഒരു ദേശീയ പ്രവർത്തന പദ്ധതി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്നതാണ്.	
	2) ഉപ വകുപ്പ് (1) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന ദേശീയ പ്രവർത്തന പ്ലാൻ സാമ്പത്തിക പരമാധികാര സമുദ്ര മേഖലയിലും പുറം കടലിലും നിയമ വിരുദ്ധ ,	

	നിയന്ത്രണ രഹിത , അപ്രസ്താവിത മീൻ പിടുത്തത്തിനെതിരെ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടെയുള്ള ഒരു ചട്ടക്കൂട് പ്രദാനം ചെയ്യും – i) നിയമ വിരുദ്ധ, നിയന്ത്രണ രഹിത , അപ്രസ്താവിത മീൻ പിടുത്തം അഭിമുഖീകരിക്കുന്നതിൽ ഉള്ള വെല്ലുവിളികളും സാധ്യതയും നിർണ്ണയം ചെയ്യൽ ii) വിവിധ പരിപാലന നിയന്ത്രണ അതോറിറ്റികളുടെ ധർമ്മങ്ങളും പങ്കുകളും നിർണ്ണയിക്കൽ iii) മീൻപിടുത്തക്കാരെ ബോധവൽക്കരിക്കൽ iv) കേന്ദ്ര സർക്കാരിനു ഇതുമായി ബന്ധപ്പെട്ട ആവശ്യമെന്നു തോന്നുന്ന നടപടികൾ	
	3) ഈ വകുപ്പിന്റെ കീഴിൽ പ്രസ്താവിക്കപ്പെട്ടവ നടപ്പിൽ വരുത്തുവാൻ വേണ്ട കാര്യങ്ങളിൽ , ഓരോ ലൈസെൻസ് ഉടമയും അനുവർത്തിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാപനങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കും.	
പരമ്പരാഗത ചെറുകിട മീൻപിടുത്തക്കാർക്കുള്ള പിന്തുണ	**10**. മോട്ടോർ രഹിത യാനങ്ങളിൽ പണിയെടുക്കുന്നവർ ഉൾപ്പെടെയുള്ള പരമ്പരാഗത ചെറുകിട മീൻ പിടുത്തക്കാരുടെ ജീവന, സാമൂഹ്യ സാമ്പത്തിക ക്ഷേമം വർധിപ്പിക്കുന്നതിനായി വേണ്ട നടപടികൾ , സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നതാണ്.	
വിദേശ മത്സ്യബന്ധന യാനങ്ങളുടെ മീൻപിടുത്തം നിരോധിക്കൽ	**11**. ഇന്ത്യയുടെ മാരിടൈം സോണിൽ മീൻ പിടിക്കുവാനോ അനുബന്ധ പ്രവർത്തനം നടത്തുവാനോ ഒരു വിദേശ മത്സ്യബന്ധന യാനത്തിനും ഈ ആക്ട് പ്രകാരം അനുവാദമില്ല	
വിദേശ മത്സ്യബന്ധന യാനത്തിന്റെ കടന്നു പോകൽ	**12**. ഇന്ത്യയുടെ മാരിടൈം സോണിൽകൂടി കടന്നു പോകുന്ന ഓരോ വിദേശ മത്സ്യബന്ധന യാനവും നിർദേശിക്കപ്പെടുന്ന നടപടികൾ അനുവർത്തിക്കേണ്ടതാകുന്നു.	
വിനാശകരമായ മീൻപിടുത്തത്തിന്റെ നിരോധനം	**13**. മീൻ പിടുത്തത്തിനോ മീൻ നശിപ്പിക്കുന്നതിനോ ഡൈനാമിറ്റ് അഥവാ വിസ്ഫോടന വസ്തുക്കൾ , വിഷം അഥവാ അപായകരമായ രാസവസ്തുക്കൾ , വിനാശകരമായ വസ്തുക്കൾ അഥവാ പ്രകാശം /ലൈറ്റ് ഉൾപ്പെടെയുള്ള വിനാശകരമായ രീതികൾ ഒരു വ്യക്തിയും ഉപയോഗിക്കുവാൻ പാടില്ല	
	എന്നാൽ ചില മീൻ പിടുത്ത രീതികളിൽ പ്രകാശത്തിന്റെ ഉപയോഗം അനുവദിക്കപ്പെടാം.	
	ഈ വകുപ്പിൽ നിരോധിക്കപ്പെട്ട വസ്തുക്കൾ,രീതികൾ എന്നിവ സംബന്ധിച്ച വിജ്ഞാപനം ,സംസ്ഥാന	

	സർക്കാരുകളുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്നതാണ്	
പ്രായപൂർത്തി ആകാത്ത മീനുകളെ പിടിക്കുന്നത് നിരോധിക്കൽ	**14.** (1) സാമ്പത്തിക പരമാധികാര സമുദ്ര മേഖലയിലും പുറം കടലിലും ആരും പ്രായപൂർത്തി ആകാത്ത മീനുകളെ പിടിക്കുകയോ അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ പാടില്ല.	
	2) പ്രായപൂർത്തി ആകാത്ത മീനുകളെ പിടിക്കുകയോ അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നത് നിരോധിക്കുവാനായി വേണ്ട നടപടികൾ , സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച്, കേന്ദ്ര സർക്കാർ നിർദേശിക്കുന്നതാണ്.	
	3) പ്രായപൂർത്തി ആകാത്ത മീനിന്റെ പരിധിയിൽ വരുന്ന വിവിധ ജാതി മീനുകളുടെ വലിപ്പം ഒരു വിജ്ഞാപനത്തിലൂടെ കേന്ദ്ര സർക്കാർ അറിയിക്കുന്നതാണ്.	
ഇന്ത്യൻ മീൻ പിടുത്ത യാനങ്ങൾക്കുള്ള ലൈസെൻസ്	**15**. (1) ഈ ആക്റ്റ് നിലവിൽ വന്ന് നൂറ്റി എൺപതു ദിവസങ്ങൾ കഴിഞ്ഞാൽ സാമ്പത്തിക പരമാധികാര സമുദ്ര മേഖലയിലോ പുറം കടലിലോ , ഈ ആക്റ്റ് പ്രകാരം ലൈസെൻസ് നല്കപ്പെടാത്ത ഒരു മീൻ പിടുത്ത യാനവും മീൻ പിടുത്തം നടത്തുവാൻ പാടില്ല.	
	2) ഉപ വകുപ്പ് (1) മോട്ടോർ രഹിത യാനങ്ങൾക്ക് ബാധകമല്ല.	
ലൈസെൻസ് നൽകുന്ന അതോറിറ്റി	**16** . സംസ്ഥാന സർക്കാരുകളുടെ കീഴിൽ ലൈസെൻസ് നൽകുന്ന അതോറിറ്റി തന്നെയാകും ഈ ആക്റ്റ് പ്രകാരം ലൈസെൻസ് നൽകുന്ന അതോറിറ്റി.	
ലൈസെൻസ് നിബന്ധനകൾ	**17** . (1) ഒരു ഇന്ത്യൻ മീൻ പിടുത്ത യാനം സ്വന്തമായി ഉള്ള ഏതൊരാൾക്കും സാമ്പത്തിക പരമാധികാര സമുദ്ര മേഖലയിലോ പുറം കടലിലോ രണ്ടിലുമോ മീൻ പിടുത്തവും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് ലൈസെൻസ് അഭ്യർഥിച്ചുകൊണ്ട് ലൈസെൻസ് നൽകുന്ന അതോറിറ്റിക്ക് മുൻപാകെ അപേക്ഷ നൽകാവുന്നതാണ്.	
	2) ഉപ വകുപ്പ് (1) നു കീഴിൽ നൽകപ്പെടുന്ന ഓരോ അപേക്ഷയും നിർദ്ധിഷ്ട ഫോറത്തിൽ ,നിർദ്ധിഷ്ട വിവരങ്ങളോടെ ,നിർദ്ധിഷ്ട ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്.	
	മീൻ പിടുത്ത യാനങ്ങളുടെ തരം , അവ പ്രവർത്തിക്കുന്ന കടൽ മേഖല എന്നിവ അനുസരിച്ചുള്ള ലൈസെൻസ് ഫീ നിർദേശിക്കപ്പെടുന്നതാണ്.	

	3). ഉപ വകുപ്പ് (2) അനുസരിച്ചുള്ള വിവിധ ഫീസുകൾ , സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച്, കേന്ദ്ര സർക്കാർ തീരുമാനിക്കുന്നതാണ്.	
	4)ഉപ വകുപ്പ് (2) പ്രകാരമുള്ള ഫീസ് വസൂലാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദേശിക്കപ്പെടും.	
	5)ലൈസെൻസ് നൽകേണ്ട രീതി,കാലാവധി,എന്നിങ്ങനെയുള്ള കാര്യങ്ങൾ നിർദേശിക്കപ്പെടും.	
	ടെറിടോറിയൽ കടലിലും സാമ്പത്തിക പരമാധികാര സമുദ്ര മേഖലയിലും ഒരുമിച്ച് മീൻ പിടുത്തം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടത്തുവാനുള്ള ലൈസെൻസ് നൽകപ്പെടുന്നതിൽ ഉപ വകുപ്പ് തടസ്സം ആകില്ല.	
	ടെറിടോറിയൽ കടലിൽ മീൻ പിടുത്തം നടത്താൻ ലൈസെൻസ് ഉള്ള ഒരാൾക്ക് സാമ്പത്തിക പരമാധികാര സമുദ്ര മേഖലയിൽ കൂടി മീൻ പിടുത്തം നടത്തണം എന്നുണ്ടെങ്കിൽ , പ്രത്യേകം ലൈസെൻസ് ആവശ്യമില്ല. ഉപ വകുപ്പ് പ്രകാരം ഉള്ള നിബന്ധനകൾ അനുസരിച്ച് ലൈസെൻസ് നീട്ടിക്കിട്ടുവാൻ അയാൾക്ക് ലൈസെൻസ് നൽകുന്ന അതോറിറ്റിയെ സമീപിക്കാവുന്നതാണ്.	
	6) ഉപ വകുപ്പ് (5) പ്രകാരം ലൈസെൻസ് നൽകുമ്പോൾ ലൈസെൻസിംഗ് അതോറിറ്റി – (i) യാനത്തിന്റെ കടൽ സഞ്ചാര യോഗ്യത , സുരക്ഷ,പണി എടുക്കുന്നവരെ സംബന്ധിച്ച് മെർച്ചന്റ് ഷിപ്പിംഗ് ആക്ട് 1956 നിർദേശിച്ചിരിക്കുന്ന മാനദണ്ടങ്ങൾ , ക്രമസമാധാന പാലനം, അഥവാ പൊതു താല്പര്യം സംബന്ധിച്ച മറ്റു പ്രസക്ത കാര്യങ്ങൾ എന്നിവ പരിശോധിക്കേണ്ടതാണ്.	44 ,1958
	ii)വകുപ്പ് 6 ൽ വിജ്ഞാപനം ചെയ്യപ്പെട്ട നിബന്ധനകളും	
	iii)വകുപ്പ് 9 ലെ നിബന്ധനകളും പരിഗണിക്കേണ്ടതാണ്.	
	7)ഈ വകുപ്പ് പ്രകാരം ലൈസെൻസ് നിഷേധിച്ചാൽ അക്കാര്യം നിർദ്ധിഷ്ട രീതിയിൽ എഴുത്ത് മുഖാന്തിരം കക്ഷിയെ അറിയിക്കുന്നതാണ്.	
	8) ഈ വകുപ്പ് പ്രകാരം നൽകപ്പെട്ട ലൈസെൻസ് നിർദ്ധിഷ്ട സാഹചര്യങ്ങളിൽ ഒഴികെ മൂന്നാമതൊരാൾക്ക് കൈമാറ്റം ചെയ്യുവാനോ, താല്പര്യം ജനിപ്പിക്കുവാനോ, പാടുള്ളതല്ല.	

ചില പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ ലൈസെൻസ്	**18**. (1) റിക്രിയേഷണൽ മീൻപിടുത്തം, ജല-കായികം, മറൈൻ ടൂറിസം തുടങ്ങിയ പ്രവർത്തനങ്ങൾക്ക്, നിർദ്ധിഷ്ട നിബന്ധനകൾ പാലിച്ച് സ്പെഷ്യൽ ലൈസെൻസ് നൽകുവാൻ സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകും.	
	2) ഫിഷറീസ് സർവ്വേ, ഫിഷറീസുമായി ബന്ധപ്പെട്ട ശാസ്ത്രീയ ഗവേഷണം എന്നിവ നടത്തുവാൻ , നിർദ്ധിഷ്ട നിബന്ധനകൾ പാലിച്ച്, ഒരു യാനത്തിനു കേന്ദ്ര സർക്കാർ സ്പെഷ്യൽ ലൈസെൻസ് നൽകാവുന്നതാണ്.	
ലൈസെൻസ് റദ്ദ് ചെയ്യൽ അഥവാ തടഞ്ഞു വെയ്ക്കൽ	**19**. (1) ലൈസെൻസ് ഉടമ ഏതെങ്കിലും തരത്തിലുള്ള തെറ്റായ വിവരങ്ങൾ നൽകപ്പെട്ടു എന്ന് സംശയിക്കുവാൻ മതിയായ കാരണങ്ങൾ ഉണ്ടെന്നു തോന്നുന്ന പക്ഷം പ്രസ്തുത ലൈസെൻസ് , നിർദ്ധിഷ്ട നടപടി ക്രമം വഴി റദ്ദ് ചെയ്യാനോ തടഞ്ഞു വെയ്ക്കുവാനോ ലൈസെൻസിംഗ് അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കും.	
	2) ഈ ആക്ടിലെ ഏതെങ്കിലും വകുപ്പുകൾ പാലിക്കുന്നതിൽ ഒരു ലൈസെൻസ് ഉടമ വീഴ്ച ആവർത്തിച്ച് വരുത്തിയാൽ, മൂന്നാമത്തെ വീഴ്ച മുതൽ, ലൈസെൻസിംഗ് അതോറിറ്റിക്ക്പ്രസ്തുത ലൈസെൻസ് തടഞ്ഞു വെയ്ക്കുവാൻ കഴിയും.	
	3) ലൈസെൻസ് ഉടമയുടെ വിശദീകരണം മതിയായ അവസരത്തിലൂടെ കേൾക്കാതെ ഒരു ലൈസെൻസ് റദ്ദ് ചെയ്യുകയോ തടഞ്ഞു വെയ്ക്കുകയോ ചെയ്യില്ല.	
	4) എന്നാൽ, പൊതു താല്പര്യം ,ക്രമ സമാധാനം എന്നിവ പ്രമാണിച്ച്, ഈ ആക്ടിലെ ഏതെങ്കിലും വകുപ്പ് പാലിക്കാതെ വീഴ്ച വരുത്തിയതു മൂലം നൽകപ്പെട്ട പിഴയ്ക്ക് മുനവിധി ഇല്ലാതെയും, ലൈസെൻസ് റദ്ദ് ചെയ്യുവാനോ തടഞ്ഞു വെയ്ക്കുവാനോ ലൈസെൻസിംഗ് അതോറിറ്റിയോട് നിർദേശിക്കുവാൻ കേന്ദ്ര സർക്കാരിനു അധികാരം ഉണ്ടായിരിക്കും.	
	5) ലൈസെൻസ് തടയപ്പെട്ട ഓരോ വ്യക്തിയും , ലൈസെൻസ് നൽകപ്പെട്ട മീൻ പിടുത്തവും അനുബന്ധ പ്രവർത്തനങ്ങളും ഉടൻ തന്നെ നിർത്തി വെയ്ക്കുകയും ലൈസെൻസ് വീണ്ടും നൽകുന്നത് വരെ പ്രസ്തുത പ്രവർത്തനങ്ങൾ തുടരുവാൻ പാടുള്ളതുമല്ല	
	6) ഒരാളുടെ ലൈസെൻസ് റദ്ദ് ചെയ്യപ്പെടുകയോ തടഞ്ഞു വെയ്ക്കപ്പെടുകയോ ചെയ്താൽ ഉടൻ തന്നെ	

	പ്രസ്തുത ലൈസെൻസ്, ലൈസെൻസിംഗ് അതോറിറ്റി സമക്ഷം ഹാജരാക്കേണ്ടതാണ്.	
നിരക്കുകൾ ഈടാക്കലും (levy of charges) ഇളവുകളും	**20**. (1) ഈ ആക്ടിന് കീഴിൽ വരുന്ന എല്ലാ മീൻപിടുത്തവും അനുബന്ധ പ്രവർത്തനങ്ങളും , സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ തീരുമാനിച്ചു ചുമത്തുന്ന വിവിധ നിരക്കുകൾക്ക് ബാധകമാണ്. അവ ഈടാക്കാനുള്ള രീതികൾ നിർദേശിക്കപ്പെടും	
	വിവധ തരം യാനങ്ങൾക്കും അവ പ്രവർത്തിക്കുന്ന സമുദ്ര മേഖല അനുസരിച്ചും വ്യത്യസ്ത നിരക്കുകൾ നിർദേശിക്കപ്പെടും	
	2) ഇത്തരം നിരക്കുകളിൽ നിന്നും മോട്ടോർ രഹിത യാനനങ്ങൾ, മോട്ടോർ പിടിപ്പിച്ച യാനങ്ങൾ , ഗവേഷണ യാനങ്ങൾ, സർവ്വേ യാനങ്ങൾ, നിർദ്ധിഷ്ട മറ്റ് യാനങ്ങൾ എന്നിവയെ, വിജ്ഞാപനത്തിലൂടെ കേന്ദ്ര സർക്കാർ ഒഴിവാക്കും.	
	3) ചില തരം യന്ത്രവൽകൃത മീൻപിടുത്ത യാനങ്ങളെയും മറ്റ് നിർദ്ധിഷ്ട യാനങ്ങളെയും ഇത്തരം നിരക്കുകളിൽ നിന്ന്, സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് , കേന്ദ്ര സർക്കാർ വിജ്ഞാപനത്തിലൂടെ ഒഴിവാക്കും.	
	അദ്ധ്യായം III **സമുദ്ര ഫിഷറീസ് പര്യാലോചനാ സമിതി** **(**കൺസൾട്ടേറ്റീവ് കമ്മിറ്റി)	
സമുദ്ര ഫിഷറീസ് പര്യാലോചനാ സമിതി **(**കൺസൾട്ടേറ്റീവ് കമ്മിറ്റി)	**21**. (1) കേന്ദ്ര സർക്കാർ,സംസ്ഥാന സർക്കാരുകൾ, മീൻ പിടുത്തക്കാരും അവരുടെ സംഘടനകളും, വിവിധ സ്ഥാപനങ്ങൾ, വിദഗ്ധർ എന്നിവരുടെ പ്രതിനിധികൾ അടങ്ങിയ ഒരു സമുദ്ര ഫിഷറീസ് പര്യാലോചനാ സമിതി, കേന്ദ്ര സർക്കാർ വിജ്ഞാപനത്തിലൂടെ രൂപീകരിക്കും.	
	2) ഫിഷറീസ് വികസനവും പരിപാലനവും, മീൻ പിടുത്തക്കാരുടെ ക്ഷേമം, ഈ ആക്ടിന്റെ നിർവഹണം എന്നിവ സംബന്ധിച്ച ഉപദേശങ്ങൾ ഈ പര്യാലോചനാ സമിതി കേന്ദ്ര സർക്കാരിനു നൽകും.	
	3) ഈ പര്യാലോചനാ സമിതിയുടെ ഘടന, പ്രവർത്തന നിബന്ധനകൾ എന്നിവ നിർദേശിക്കപ്പെടും	
	4) കേന്ദ്ര സർക്കാർ ഈ പര്യാലോചനാ സമിതിയുടെ സഹായത്തിനായി യഥാകാലം സബ് കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്	
	അദ്ധ്യായം IV **അംഗീകൃത ഉദ്യോഗസ്ഥന്മാരും** **കുറ്റങ്ങൾ തീർപ്പാക്കലും**	

അംഗീകൃത ഉദ്യോഗസ്ഥർ	**22**. കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച ശേഷം, വിജ്ഞാപനത്തിലൂടെ, ഈ നിയമത്തിന് കീഴിൽ നൽകിയിരിക്കുന്ന അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഉദ്യോഗസ്ഥരിൽ നിന്ന് ഉചിതമായ എണ്ണം അംഗീകൃത ഉദ്യോഗസ്ഥരെ നിയമിക്കും. വിവിധ അംഗീകൃത ഓഫീസർമാരെ വിവിധ തരം മത്സ്യബന്ധന യാനങ്ങൾക്കോ മത്സ്യബന്ധന മേഖലകൾക്കോ വ്യത്യസ്ത പ്രവർത്തനങ്ങൾക്കോ വേണ്ടി നിയമിക്കാവുന്നതാണ്, അവ വിജ്ഞാപനത്തിൽ വ്യക്തമാക്കിയേക്കാം..	30 of 1978
അംഗീകൃത ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ	**23**. (1) ഈ ആക്ടിലെ ഏതെങ്കിലും വകുപ്പുകളോ , ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങളോ ഉത്തരവുകളോ ലംഘിക്കുന്നതായി ബോധ്യപ്പെട്ടാൽ ഒരു അംഗീകൃത ഉദ്യോഗസ്ഥന് , വാറണ്ട് കൂടിയോ ഇല്ലാതെയോ -	
	a) മീൻ പിടുത്തമോ അനുബന്ധ പ്രവർത്തനമോ നടത്തുന്ന യാനമോ ഉപകരണമോ തടയുവാനും, പരിശോധിക്കുവാനും കഴിയും	
	b) രജിസ്ട്രേഷൻ രേഖകൾ,ലോഗ് ബുക്ക്, അഥവാ മറ്റ് രേഖകൾ എന്നിവ ഹാജർ ആക്കുവാൻ പ്രസ്തുത യാനത്തിന്റെ സ്കിപ്പർ / മാസ്റ്ററിനോട് അംഗീകൃത ഉദ്യോഗസ്ഥന് ആവശ്യപ്പെടുവാൻ കഴിയും. അവയും യാനത്തിലെ അംഗങ്ങളെയും പരിശോധിക്കുവാനം രേഖകളുടെ പകർപ്പുകൾ എടുക്കുവാനും ഉദ്യോഗസ്ഥന് കഴിയും.	
	c) പ്രസ്തുത യാനത്തിൽ ഉള്ള മത്സ്യം, മീൻ പിടുത്ത ഉപകരണങ്ങൾ ,മറ്റ് സജ്ജീകരണങ്ങൾ , അവയുടെ രേഖകൾ എന്നിവ പരിശോധിക്കുവാൻ കഴിയും.	
	d) ഈ ആക്ടിന്റെ വിവിധ വകുപ്പുകൾ അനുവർത്തിക്കപ്പെടുന്നുണ്ടോ എന്ന് അന്വേഷിക്കുവാനും കഴിയും	
	2) ഏതെങ്കിലും ഒരു വിദേശമീൻ പിടുത്ത യാനം ഈ ആക്ടിന്റെ ലംഘനം നടത്തിയതായോ, മറ്റ് നിയമവിരുദ്ധ നടപടികൾ നടത്തിയതായോ ഒരു അംഗീകൃത ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടാൽ , അദ്ദേഹത്തിന്, വാറണ്ട് കൂടിയോ കൂടാതെയോ -	
	a)ആ യാനത്തെ അതിലുള്ള മത്സ്യം, മീൻ പിടുത്ത ഉപകരണങ്ങൾ, മറ്റ് സജ്ജീകരണങ്ങൾ, സ്റ്റോറുകൾ , ചരക്കുകൾ എന്നിവ ഉൾപ്പെടെ പിടിച്ചെടുക്കുവാനും, തടഞ്ഞു വെയ്ക്കുവാനും കഴിയും; അഥവാ	

	b) ആ യാനം ഉപേക്ഷിച്ച മീൻ പിടുത്ത ഉപകരണം പിടിച്ചെടുക്കുവാനും തടഞ്ഞു വെയ്ക്കുവാനും കഴിയും; അഥവാ	
	c) നിയമ ലംഘനം നടത്തിയ വ്യക്തിയെ അറസ്റ്റ്ചെയ്യുവാനും യാനത്തിന്റെ മാസ്റർ അഥവാ ഓപ്പറേറ്ററോട് പ്രസ്തുത യാനത്തെ ,കേന്ദ്ര സർക്കാർ നിർധിഷ്ടപ്പെടുത്തിയ ഒരു തുറമുഖത്തെയ്ക്ക് എത്തിക്കുവാനായി ഉത്തരവ് കൊടുക്കുവാൻ കഴിയും.	
	ഇങ്ങിനെ പിടിച്ചെടുക്കപ്പെട്ട യാനത്തിനു വരുന്ന ഡോക്കിംഗ്, മെയിന്റനൻസ് ചിലവുകൾ ,തുടങ്ങിയവ നിർദ്ധിഷ്ട നിരക്കിൽ യാനം തന്നെ വഹിക്കണം.	
	(3) ഉപ വകുപ്പ് (2) പ്രകാരം നടപടികൾ എടുക്കുമ്പോൾ അന്ഗീകൃത ഉദ്യോഗസ്ഥൻ യാനം പിടിച്ചെടുത്ത കാര്യം കേന്ദ്ര സർക്കാരിനെ ഉടൻ തന്നെ അറിയിക്കുകയും , അറെസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ ഒന്നാം ക്ലാസ് അഥവാ മെട്രോ പോളിടൻ മജിസ്ട്രട്ടിനു മുൻപാകെ ഹാജർ ആക്കുകയും വേണം	
	(4) ഒരു ഇന്ത്യൻ മീൻ പിടുത്ത യാനം വകുപ്പ് 6 അഥവാ വകുപ്പ് 8 ന്റെ ഉപ വകുപ്പ് (2) അഥവാ വകുപ്പ് 17 ന്റെ ലംഘനം നടത്തിയതായി ഒരു അംഗീകൃത ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടാൽ , ഇക്കാര്യം ഉടൻ തന്നെ തീർപ്പാക്കൽ അതോറിറ്റിയെ രേഖാമൂലം അറിയിക്കേണ്ടതും അതിന്റെ പകർപ്പ് പ്രസ്തുത യാനത്തിന്റെ സ്കിപ്പർ അഥവാ മാസ്റ്ററിനു അഥവാ യാനത്തിന്റെ ചുമതലക്കാരന് നൽകേണ്ടതുമാണ്.	
	യാനത്തിൽ നിന്നും അംഗീകൃത ഉദ്യോഗസ്ഥൻ, ഈ ഉപ വകുപ്പ് പ്രകാരം മത്സ്യമോ മീൻ പിടുത്ത ഉപകരണമോ പിടിച്ചെടുക്കുവാൻ പാടില്ല	
	(5) ഒരു ഇന്ത്യൻ മീൻ പിടുത്ത യാനം വകുപ്പ് 6 അഥവാ വകുപ്പ് 13 അഥവാ വകുപ്പ് 14 അഥവാ വകുപ്പ് 15 ലംഘിച്ചതായി ഒരു അന്ഗീകൃത ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടാൽ അദ്ദേഹത്തിന് - i) യാനത്തിന്റെ രേഖകൾക്കൊപ്പം യാനത്തിലുള്ള മത്സ്യം ,മീൻ പിടുത്ത ഉപകരണം, മറ്റ് ഉപകരണങ്ങൾ,സ്റോറുകൾ, ചരക്കുകൾ എന്നിവയും പിടിച്ചെടുക്കാം; ii) നിർദ്ധിഷ്ട സ്ഥാനത്തേയ്ക്ക് യാനത്തെ കൊണ്ട് വരുവാൻ യാനത്തിന്റെ മാസ്റ്റർ അഥവാ സ്കിപ്പറോട് ആജ്ഞാപിക്കാം; iii) നിയമ ലംഘന കാര്യം, തീർപ്പാക്കൽ അതോറിറ്റിയെ തുടർ നടപടികൾക്കായി രേഖാമൂലം അറിയിക്കണം	

	(6) നിയമ ലംഘനം നടത്തിയ യാനത്തെ പിന്തുടരുമ്പോൾ പ്രസ്തുത യാനം ഇന്ത്യയുടെ സാമ്പത്തിക പരമാധികാര മേഖലയ്ക്കു പുറത്തു പോയാൽ അംഗീകൃത ഉദ്യോഗസ്ഥന് ഈ വകുപ്പ് പ്രദാനം ചെയ്യുന്ന അധികാരം , അന്താരാഷ്ട്ര നിയമവും ഇന്ത്യൻ നിയമവും അനുവദിക്കുന്ന തരത്തിൽ , അവിടെയും പ്രയോഗിക്കാവുന്നതാണ്.	
	(7) പുറം കടലിൽ മീൻ പിടുത്തം നടത്തുന്ന ഇന്ത്യൻ മീൻ പിടുത്ത യാനങ്ങൾക്ക് മേൽ അധികാരം പ്രയോഗിക്കുന്നതിന് ആവശ്യമെങ്കിൽ കൂടുതൽ അധികാരങ്ങൾ, സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് , കേന്ദ്ര സർക്കാർ വിജ്ഞാപനം വഴി അംഗീകൃത ഉദ്യോഗസ്ഥന് നൽകുന്നതാണ്.	
തീർപ്പാക്കൽ	**24**. (1) വകുപ്പ് 23 ന്റെ ഉപ വകുപ്പ് (4) അഥവാ (5) പ്രകാരം റിപ്പോർട്ട് ലഭിച്ചാൽ ,തീർപ്പാക്കൽ അതോറിറ്റി അന്വേഷണ നടപടികൾ നിർദ്ധിഷ്ട രീതിയിൽ, ആരംഭിക്കേണ്ടതും, കക്ഷികൾക്ക് വിശദീകരണത്തിനായി മതിയായ അവസരങ്ങൾ നൽകിയതിനു ശേഷം തീരുമാനം എടുക്കേണ്ടതും ആകുന്നു.	
	(2) ഈ ആക്ട് പ്രകാരമുള്ള പിഴയ്ക്ക് പുറമേ, തീർപ്പാക്കൽ അതോറിറ്റി അഥവാ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് അഥവാ മെട്രോ പോളിടൻ മജിസ്ട്രേറ്റ് അഭിപ്രായപ്പെടുന്ന പക്ഷം വകുപ്പ് 23 പ്രകാരം പിടിച്ചെടുക്കപ്പെട്ട മത്സ്യം പൊതു ലേലം ചെയ്ത് തുക അംഗീകൃത ഉദ്യോഗസ്ഥൻ കൈവശം സൂക്ഷിച്ചു വെയ്ക്കേണ്ടതും ആകുന്നു.	
	(3) തീർപ്പാക്കൽ അതോറിറ്റിയുടെ അഥവാ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് അഥവാ മെട്രോ പോളിടൻ മജിസ്ട്രേറ്റ് എടുക്കുന്ന അന്തിമ തീരുമാന പ്രകാരം , ഉപ വകുപ്പ് (2) പ്രകാരമുള്ള ലേല തുക , ലേല ചിലവുകൾ ഉണ്ടെങ്കിൽ അത് കിഴിച്ച് ബാക്കി , സമുദ്ര ഫിഷറീസ് വികസന നിധിയിലേയ്ക്ക് അടയ്ക്കുകയോ, ഉടമയെ കുറ്റവിമുക്തൻ ആക്കുന്ന പക്ഷം അയാൾക്ക് കൈമാറുകയോ ചെയ്യേണ്ടതാകുന്നു.	
	(4) വകുപ്പ് 18 പ്രകാരം ഉള്ള സ്പെഷ്യൽ ലൈസെൻസ് ചട്ട ലംഘനത്തിനുള്ള തീർപ്പാക്കൽ നടപടിക്രമങ്ങൾ നിർദേശിക്കപ്പെടുന്നതിന് അനുസൃതമായിരിക്കും.	
തീർപ്പാക്കൽ അതോറിറ്റി	**25**. വകുപ്പ് 23 ന്റെ ഉപ വകുപ്പ് (4) ഉം (5)ഉം പ്രകാരം ഉണ്ടാകുന്ന നിയമ ലംഘനങ്ങൾ തീർപ്പാക്കുന്നതിലെക്കായി, ജില്ലയിലെ അസിസ്റ്റന്റ് ഫിഷറീസ് ഡയറക്ടർ പദവിക്ക് താഴെ അല്ലാത്ത ഒരു	

	ഉദ്യോഗസ്ഥനെ, സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനത്തിലൂടെ തീർപ്പാക്കൽ അതോറിറ്റി ആയി പ്രഖ്യാപിക്കുന്നതാണ്.	
അപ്പീൽ അതോറിറ്റി	**26** . സംസ്ഥാന സർക്കാരിലെ അഡീഷണൽ ഡയറക്ടർ (ഫിഷറീസ്) പദവിക്ക് താഴെ അല്ലാത്ത ഒരു ഉദ്യോഗസ്ഥനെ ,സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് , കേന്ദ്ര സർക്കാർ ഒരു വിജ്ഞാപനത്തിലൂടെ അപ്പീൽ അതോറിറ്റി ആയി പ്രഖ്യാപിക്കുന്നതാണ്	
അപ്പീലുകൾ	**27** .(1) വകുപ്പ് 24 പ്രകാരം തീർപ്പാക്കൽ അതോറിറ്റിയിൽ നിന്നും ഉത്തരവ് ലഭിച്ച ഒരാൾക്ക് , ഉത്തരവ് ലഭിച്ച് മുപ്പതു ദിവസത്തിനുള്ളിൽ അപ്പീലുമായി അപ്പീൽ അതോറിറ്റിയെ സമീപിക്കാവുന്നതാണ്.	
	ഏതു കുറ്റത്തിനാണോ അപ്പീൽ പോകുന്നത് അതിന്റെ പിഴ തുക, അപ്പീൽ പോകുന്ന സമയത്ത് കെട്ടി വെച്ചിട്ടില്ല എങ്കിൽ ആ അപ്പീൽ സ്വീകരിക്കുന്നതല്ല.	
	അപ്പീൽ നൽകുന്നതിനു വന്ന കാലതാമസത്തിന് മതിയായ കാരണങ്ങൾ ബോധിപ്പിച്ചാൽ തൊണ്ണൂറു ദിവസത്തിനുള്ളിൽ അപ്പീൽ നൽകുവാൻ അനുവദിക്കാവുന്നതാണ്.	
രേഖകൾ ആവശ്യപ്പെടാൻ അപ്പീൽ അതോറിറ്റിയ്ക്കുള്ള അധികാരം	**28** . ഈ ആക്റ്റ് പ്രകാരം തീർപ്പാക്കൽ ഉദ്യോഗസ്ഥൻ നൽകിയ ഏതു ഉത്തരവുകളും വകുപ്പ് 27 പ്രകാരം അപ്പീൽ നൽകിയിട്ടില്ലാത്തതെങ്കിൽ , ആവശ്യപ്പെടാനും അവ പരിശോധിക്കുവാനും അപ്പീൽ അതോറിറ്റിയ്ക്ക് അധികാരം ഉണ്ട്.	
	മേൽ പറഞ്ഞ ഒരു ഉത്തരവ് , ആരോപിത വ്യക്തിക്ക് വിശദീകരണം നൽകുവാൻ മതിയായ അവസരം കൊടുക്കാത്ത പക്ഷം യാതൊരു മുൻവിധിയോടെയും നടപ്പിലാക്കാൻ പാടുള്ളതല്ല	
തീർപ്പാക്കൽ ഉദ്യോഗസ്ഥനും അപ്പീൽ അതോറിറ്റിക്കും അന്വേഷണം നടത്തുന്നതിനുള്ള അധികാരം	**29**. (1) അന്വേഷണം നടത്തുമ്പോൾ തീർപ്പാക്കൽ ഉദ്യോഗസ്ഥനും അപ്പീൽ അതോറിറ്റിക്കും 1908 ലെ സിവിൽ നടപടി ചട്ട പ്രകാരം നൽകിയിട്ടുള്ള എല്ലാ സിവിൽ കോടതി അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്.- a) ദൃക്സാക്ഷികളെ വിളിച്ചു വരുത്തുവാനും ഹാജർ ഉറപ്പ് വരുത്തുവാനും b) ഏതെങ്കിലും രേഖ കണ്ടുപിടിക്കുവാനും ഹാജർ ആക്കുവാനും	1908-ലെ 5

	c) ഏതെങ്കിലും പൊതു രേഖയോ പകർപ്പോ ഏതെങ്കിലും കോടതിയിൽ നിന്ന് ആവശ്യപ്പെടാനും d) സത്യവാങ്ങ്മൂലത്തിന്റെ തെളിവുകൾ സ്വീകരിക്കാനും e)സാക്ഷിയെ വിസ്തരിക്കുവാനോ രേഖകൾ പരിശോധിക്കുവാനോ ആജ്ഞ നൽകുവാനും.	
	അദ്ധ്യായം 5 **കുറ്റങ്ങളും (നിയമലംഘനങ്ങളും) പിഴകളും**	
ഈ നിയമത്തിലെ നിശ്ചിത വ്യവസ്ഥകൾ ഏതെങ്കിലും ഇന്ത്യയുടെ സമുദ്ര മേഖലയ്ക്കുള്ളിൽ വച്ച് വിദേശ മത്സ്യബന്ധന യാനങ്ങൾ ലംഘിച്ചാൽ ഉള്ള പിഴ	30. ഏതെങ്കിലും വിദേശ മത്സ്യബന്ധന യാനം / കപ്പൽ,– (i) ഇന്ത്യയിലെ സമുദ്രമേഖലകളിൽ നിന്ന് വകുപ്പ് 11 ലംഘിച്ചുകൊണ്ട് മീൻപിടുത്തം നടത്തുന്നതായി കണ്ടെത്തിയാൽ, ആ യാനം അതിലെ പിടിച്ചെടുക്കപ്പെട്ട മത്സ്യം, മീൻപിടുത്ത വലകൾ, ഉപകരണങ്ങൾ, യാനത്തിലെ കലവറ അല്ലെങ്കിൽ ചരക്ക് എന്നിവയ്ക്കൊപ്പം കെട്ടുകയും ഉടമ അല്ലെങ്കിൽ ഓപ്പറേറ്റർ അല്ലെങ്കിൽ മാസ്റ്റർ, കേസ് അനുസരിച്ചു ഒരുപക്ഷേ, രണ്ട് വർഷം വരെ നീട്ടാവുന്ന ഒരു കാലയളവിലേക്കുള്ള തടവ് ശിക്ഷയ്ക്ക് വിധേയമാക്കുന്നതോ അല്ലെങ്കിൽ ഒരു കോടി രൂപ വരെ പിഴ ഈടാക്കുകയോ അല്ലെങ്കിൽ രണ്ടും കൂടെ നടപ്പിലാക്കുന്നതോ ആണ് ;	
	(ii) വകുപ്പ് 12 ന് വിരുദ്ധമായി (ലംഘിച്ചുകൊണ്ട്) ഇന്ത്യയുടെ സമുദ്ര മേഖലകളിലൂടെയുള്ള ഗതാഗതം നടത്തിയാൽ പത്ത് ലക്ഷം രൂപയിൽ കുറയാത്ത പിഴക്ക് ശിക്ഷാർഹമാണ്, എന്നാൽ അത് ഇരുപത് ലക്ഷം രൂപ വരെ നീളാം.	
ഈ നിയമത്തിലെ നിശ്ചിത വ്യവസ്ഥകൾ ഏതെങ്കിലും ഇന്ത്യയുടെ സാമ്പത്തിക പരമാധികാര മേഖലയ്ക്കുള്ളിൽ ഉള്ള സമുദ്രത്തിൽ വച്ച് സ്വദേശ (ഇന്ത്യൻ) മത്സ്യബന്ധന യാനങ്ങൾ ലംഘിച്ചാൽ ഉള്ള പിഴ	31. (1) വകുപ്പ് 13 അല്ലെങ്കിൽ വകുപ്പ് 15 ലംഘിച്ച് ഇന്ത്യയുടെ സാമ്പത്തിക പരമാധികാര മേഖലയ്ക്കുള്ളിൽ ഉള്ള സമുദ്രത്തിൽ സാധുവായ ലൈസൻസില്ലാതെ മത്സ്യബന്ധനത്തിലോ മീൻപിടുത്തത്തിലോ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ഇന്ത്യൻ മത്സ്യബന്ധന കപ്പലുകൾ/യാനങ്ങൾക്കു താഴെ പറയുന്ന പട്ടികയിൽ യഥാക്രമം ഒന്നാമത്തെ കോളത്തിൽ സൂചിപ്പിച്ചിരിക്കുന്ന കുറ്റങ്ങൾക്കു രണ്ടാമത്തെ കോളത്തിൽ പറഞ്ഞിരിക്കുന്ന മത്സ്യബന്ധന യാനങ്ങളുടെ വിഭാഗത്തിനു മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും കോളങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നപ്രകാരം ഉള്ള ശിക്ഷക്കു അർഹമാണ് (ഉള്ള പിഴക്കു അർഹമാണ്)	

കുറ്റങ്ങൾ/നിയമലംഘനം	മത്സ്യബന്ധന യാനങ്ങളുടെ വിഭാഗം	ആദ്യ കുറ്റത്തിനുള്ള പിഴ (ആദ്യ നിയമലംഘനത്തിനുള്ള പിഴ)	രണ്ടാമത്തെ കുറ്റത്തിനുള്ള പിഴ (രണ്ടാമത്തെ നിയമലംഘനത്തിനുള്ള പിഴ)	മൂന്നാമത്തേതും തുടർന്നുള്ളതും ആയ കുറ്റത്തിനുള്ള പിഴ (മൂന്നാമത്തേതും തുടർന്നുള്ളതും ആയ നിയമലംഘനത്തിനുള്ള പിഴ)
(1)	(2)	(3)	(4)	(5)
വകുപ്പ് 13 ഉം 15 ഉം	15 മീറ്ററിൽ താഴെ മൊത്ത നീളമുള്ള (ഒ.എ.എൽ) മോട്ടോർ ഘടിപ്പിച്ച മത്സ്യബന്ധന യാനം	ഇല്ല	ഇല്ല	രണ്ടായിരം രൂപ പിഴ
	15 മീറ്ററും ഉം അതിനു മുകളിലും മൊത്ത നീളമുള്ള (ഒ.എ.എൽ)	രണ്ടായിരം രൂപ പിഴ	അയ്യായിരം രൂപ പിഴ	പതിനായിരം രൂപ പിഴ

		മോട്ടോർ ഘടിപ്പിച്ച മത്സ്യബന്ധന യാനം				
		15 മീറ്ററിൽ താഴെ മൊത്ത നീളമുള്ള (ഒ.എ.എൽ) യന്ത്രവത്കൃത മത്സ്യബന്ധന യാനം	അയ്യായിരം രൂപ പിഴ	പതിനായിരം രൂപ പിഴ	ഇരുപത്തി അയ്യായിരം രൂപ പിഴ	
		15 മീറ്ററും ഉം അതിനു മുകളിലും മൊത്ത നീളമുള്ള (ഒ.എ.എൽ) യന്ത്രവത്കൃത മത്സ്യബന്ധന യാനം	പതിനായിരം രൂപ പിഴ	ഇരുപതിനായിരം രൂപ പിഴ	അൻപതിനായിരം രൂപ പിഴ	
	(2) വകുപ്പ് 6 അല്ലെങ്കിൽ വകുപ്പ് 8 ലെ ഉപ വകുപ്പ് (2) അല്ലെങ്കിൽ വകുപ്പ് 17,പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടികൾക്കു വിരുദ്ധമായി ഇന്ത്യയുടെ സാമ്പത്തിക പരമാധികാര മേഖലയ്ക്കുള്ളിൽ ഉള്ള സമുദ്രത്തിൽ മത്സ്യബന്ധനത്തിലോ മീൻപിടുത്തത്തിലോ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ഇന്ത്യൻ മത്സ്യബന്ധന കപ്പലുകൾ/യാനങ്ങൾക്കു താഴെ പറയുന്ന പട്ടികയിൽ യഥാക്രമം ഒന്നാമത്തെ					

കോളത്തിൽ സൂചിപ്പിച്ചിരിക്കുന്ന കുറ്റങ്ങൾക്കു രണ്ടാമത്തെ കോളത്തിൽ പറഞ്ഞിരിക്കുന്ന മീൻപിടുത്ത യാനങ്ങളുടെ വിഭാഗത്തിനു മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും കോളങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നപ്രകാരം ഉള്ള ശിക്ഷക്കു അർഹമാണ് (ഉള്ള പിഴക്കു അർഹമാണ്)

കുറ്റങ്ങൾ/നിയമലംഘനം	മത്സ്യബന്ധന യാനങ്ങളുടെ വിഭാഗം	ആദ്യ കുറ്റത്തിനുള്ള പിഴ (ആദ്യ നിയമലംഘനത്തിനുള്ള പിഴ)	രണ്ടാമത്തെ കുറ്റത്തിനുള്ള പിഴ (രണ്ടാമത്തെ നിയമലംഘനത്തിനുള്ള പിഴ)	മൂന്നാമത്തേതും തുടർന്നുള്ളതും ആയ കുറ്റത്തിനുള്ള പിഴ (മൂന്നാമത്തേതും തുടർന്നുള്ളതും ആയ നിയമലംഘനത്തിനുള്ള പിഴ)
(1)	(2)	(3)	(4)	(5)
വകുപ്പ് 6, 8 ലെ ഉപ വകുപ്പ് (2) ഉം വകുപ്പ് 17 ഉം	15 മീറ്ററിൽ താഴെ മൊത്ത നീളമുള്ള (ഒ.എ.എൽ) മോട്ടോർ ഘടിപ്പിച്ച മത്സ്യബന്ധന യാനം	ഇല്ല	ഇല്ല	ആയിരം രൂപ പിഴ
	15 മീറ്ററും ഉം അതിനു	ആയിരം രൂപ പിഴ	രണ്ടായിരം രൂപ പിഴ	അയ്യായിരം രൂപ പിഴ

		മുകളിലും മൊത്ത നീളമുള്ള (ഒ.എ.എൽ) മോട്ടോർ ഘടിപ്പിച്ച മത്സ്യബന്ധന യാനം				
		15 മീറ്ററിൽ താഴെ മൊത്ത നീളമുള്ള (ഒ.എ.എൽ) യന്ത്രവത്കൃത മത്സ്യബന്ധന യാനം	മൂവായിരം രൂപ പിഴ	അയ്യായിരം രൂപ പിഴ	പതിനായിരം രൂപ പിഴ	
		15 മീറ്ററും ഉം അതിനു മുകളിലും മൊത്ത നീളമുള്ള (ഒ.എ.എൽ) യന്ത്രവത്കൃത മത്സ്യബന്ധന യാനം	അയ്യായിരം രൂപ പിഴ	പതിനായിരം രൂപ പിഴ	ഇരുപതിനായിരം രൂപ പിഴ	

32. (1) വകുപ്പ് 13 അല്ലെങ്കിൽ വകുപ്പ് 15, പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടികൾക്കു വിരുദ്ധമായി സാധുവായ ലൈസൻസില്ലാതെ പുറം കടലിൽ മത്സ്യബന്ധനത്തിലോ മീൻപിടുത്തത്തിലോ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ഇന്ത്യൻ മത്സ്യബന്ധന കപ്പലുകൾ/യാനങ്ങൾക്കു താഴെ പറയുന്ന പട്ടികയിൽ യഥാക്രമം ഒന്നാമത്തെ കോളത്തിൽ സൂചിപ്പിച്ചിരിക്കുന്ന കുറ്റങ്ങൾക്കു രണ്ടാമത്തെ കോളത്തിൽ പറഞ്ഞിരിക്കുന്ന മത്സ്യബന്ധന യാനങ്ങളുടെ വിഭാഗത്തിനു മൂന്നാമത്തെയും നാലാമത്തെയും കോളങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നപ്രകാരം ഉള്ള ശിക്ഷക്കു അർഹമാണ് (ഉള്ള പിഴക്കു അർഹമാണ്)

കുറ്റങ്ങൾ/ നിയമലംഘനം	മത്സ്യബന്ധന യാനങ്ങളുടെ വിഭാഗം	ആദ്യ കുറ്റത്തിനുള്ള പിഴ (ആദ്യ നിയമലംഘനത്തിനുള്ള പിഴ)	രണ്ടാമത്തേതും തുടർന്നുള്ളതും ആയ കുറ്റത്തിനുള്ള പിഴ (രണ്ടാമത്തേതും തുടർന്നുള്ളതും ആയ നിയമലംഘനത്തിനുള്ള പിഴ)
(1)	(2)	(3)	(4)
വകുപ്പ് 13 ഉം 15 ഉം	15 മീറ്ററിൽ താഴെമൊത്ത നീളമുള്ള (ഒ.എ.എൽ) യന്ത്രവത്കൃത മത്സ്യബന്ധന യാനം	ഇരുപത്തി അയ്യായിരം രൂപ പിഴ	അമ്പതിനായിരം രൂപ പിഴയും മുപ്പതു ദിവസ കാലത്തേക്ക് യാനത്തിന്റെ കണ്ടുകെട്ടലും

	15 മീറ്ററും ഉം അതിനുമുകളിലും മൊത്ത നീളമുള്ള (ഒ.എ.എൽ) യന്ത്രവത്കൃത മത്സ്യബന്ധന യാനം	അൻപതിനായിരം രൂപ പിഴ	രണ്ട് ലക്ഷം രൂപ പിഴയും മുപ്പതു ദിവസ കാലത്തേക്ക് യാനത്തിന്റെ കണ്ടുകെട്ടലും

(2) വകുപ്പ് 6 ലെ ഉപ വകുപ്പ് (3) ലെ ക്ലോസ് (i), പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടികൾക്കു വിരുദ്ധമായി പുറം കടലിൽ മത്സ്യബന്ധനത്തിലോ മീൻപിടുത്തത്തിലോ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ഇന്ത്യൻ മത്സ്യബന്ധന കപ്പലുകൾ/യാനങ്ങൾക്കു താഴെ പറയുന്ന പട്ടികയിൽ യഥാക്രമം ഒന്നാമത്തെ കോളത്തിൽ സൂചിപ്പിച്ചിരിക്കുന്ന കുറ്റങ്ങൾക്കു രണ്ടാമത്തെ കോളത്തിൽ പറഞ്ഞിരിക്കുന്ന മത്സ്യബന്ധന യാനങ്ങളുടെ വിഭാഗത്തിനു മൂന്നാമത്തെയും നാലാമത്തെയും കോളങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നപ്രകാരം ഉള്ള ശിക്ഷക്കു അർഹമാണ് (ഉള്ള പിഴക്കു അർഹമാണ്)

കുറ്റങ്ങൾ/ നിയമലംഘനം	മത്സ്യബന്ധന യാനങ്ങളുടെ വിഭാഗം	ആദ്യ കുറ്റത്തിനുള്ള പിഴ (ആദ്യ നിയമലംഘനത്തിനുള്ള പിഴ)	രണ്ടാമത്തേതും തുടർന്നുള്ളതും ആയ കുറ്റത്തിനുള്ള പിഴ (രണ്ടാമത്തേതും തുടർന്നുള്ളതും ആയ നിയമലംഘനത്തിനുള്ള പിഴ)
(1)	(2)	(3)	(4)

<table>
<tr><td rowspan="2"></td><td>വകുപ്പ് 6 ലെ ഉപ വകുപ്പ് (3) ലെ ക്ലോസ് (i),</td><td>15 മീറ്ററിൽ താഴെമൊത്ത നീളമുള്ള (ഒ.എ.എൽ) യന്ത്രവത്കൃത മത്സ്യബന്ധന യാനം</td><td>ഇരുപതിനായിരം രൂപ പിഴ</td><td>നാല്പതിനായിരം രൂപ പിഴയും മുപ്പത് ദിവസം കാലയളവിലേക്ക് ലൈസൻസ്സിന്റെ റദ്ദാക്കലും</td><td rowspan="2"></td></tr>
<tr><td></td><td>15 മീറ്ററും ഉം അതിനുമുകളിലും മൊത്ത നീളമുള്ള (ഒ.എ.എൽ) യന്ത്രവത്കൃത മത്സ്യബന്ധന യാനം</td><td>ഇരുപത്തി അയ്യായിരം രൂപ പിഴ</td><td>ഒരുലക്ഷം രൂപ പിഴയും മുപ്പത് ദിവസം കാലയളവിലേക്ക് ലൈസൻസ്സിന്റെ റദ്ദാക്കലും</td></tr>
<tr><td>പ്രത്യേക ലൈസൻസ്സിലെ നിബന്ധനകളും വ്യവസ്ഥകളും ലംഘിക്കുന്നതിന്മേലുള്ള (ലംഘിച്ചാൽ ഉള്ള) പിഴ</td><td colspan="4">33. ഏതെങ്കിലും ഇന്ത്യൻ മത്സ്യബന്ധന യാനങ്ങൾ വകുപ്പ് 18 പ്രകാരം അനുവദിച്ച പ്രത്യേക ലൈസൻസിന്റെ വ്യവസ്ഥകളും നിബന്ധനകളും പാലിക്കുന്നതിൽപരാജയപ്പെടുകയാണെങ്കിൽ,പ്രസ്തുത യാനത്തിന്റെ ഉടമ അല്ലെങ്കിൽ നടത്തിപ്പുകാരൻ ലൈസൻസ് സസ്പെൻഷനോ റദ്ദാക്കലോ സഹിതം ഒരു ലക്ഷം രൂപ വരെ വരാവുന്ന പിഴക്കും ശിക്ഷാർഹമായിരിക്കും.</td><td></td></tr>
<tr><td>അധികാരപ്പെടുത്തിയ (അധികാരപ്പെട്ട) ഉദ്യോഗസ്ഥരെ തടസ്സപെടുത്തിയാലുള്ള പിഴ</td><td colspan="4">34. (1) ഏതെങ്കിലും വ്യക്തി മനഃപൂർവ്വം ഒരു അംഗീകൃത (അധികാരപ്പെട്ട) ഉദ്യോഗസ്ഥനെ അദ്ദേഹത്തിന്റെ അധികാരം വിനിയോഗിക്കുന്നതിൽ തടസ്സപ്പെടുത്തുകയാണെങ്കിൽ അയാൾ ശിക്ഷാർഹനായിരിക്കും-
(i) മൊത്തം നീളം 15 മീറ്ററിൽ താഴെയുള്ള ഇന്ത്യൻ മത്സ്യബന്ധന കപ്പലിന്റെ (യാനത്തിന്റെ) കാര്യത്തിൽ,
അയ്യായിരം രൂപ പിഴയും മൊത്തത്തിലുള്ള നീളം 15 മീറ്റർറോ അതിനുമുകളിലോ ആണെങ്കിൽ പതിനായിരം രൂപ പിഴയും ;</td><td></td></tr>
</table>

	(ii) വിദേശ മത്സ്യബന്ധന യാനങ്ങളുടെ കാര്യത്തിൽ, അഞ്ച് ലക്ഷം രൂപ വരെ പോകാവുന്ന പിഴ ചുമത്തിയേക്കാം	
കമ്പനികൾ വഴിയുള്ള കുറ്റകൃത്യങ്ങൾ (കമ്പനികളുടെ കുറ്റകൃത്യങ്ങൾ) .	35. (1) ഈ നിയമപ്രകാരം ഒരു കമ്പനി ഒരു കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, കുറ്റം ചെയ്ത ആ സമയത്ത് കമ്പനിയുടെ ചുമതലയുള്ള അല്ലെങ്കിൽ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിനായി ഉത്തരവാദിത്തം ഉള്ള ഓരോ വ്യക്തിയും, അതുപോലെ തന്നെ കമ്പനിയും കുറ്റകൃത്യത്തിൽ കുറ്റക്കാരാണ് എന്ന് കണക്കാക്കുകയും കൂടാതെ അതിനെതിരെ ഉള്ള നടപടി ക്രമത്തിൽ ബാധ്യസ്ഥരായിരിക്കുകയും അതിനനുസരിച്ചു ശിക്ഷിക്കപ്പെടുകയും ചെയ്യും	
	എന്നാൽ അയാളുടെ അറിവോടുകൂടിയല്ല കുറ്റകൃത്യം നടന്നതെന്നും അത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള എല്ലാ ജാഗ്രതയും എടുക്കാൻ അയാൾ പരിശ്രമിച്ചു എന്നും തെളിയിച്ചാൽ, ഈ ഉപ വകുപ്പ്-ൽ അടങ്ങിയിരിക്കുന്ന ഒന്നും ഏതെങ്കിലും വ്യക്തിയെ ഏതെങ്കിലും തരത്തിലുള്ള ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല	
	അല്ലെങ്കിൽ കമ്പനിയുടെ ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ ആരുടെയെങ്കിലും ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഒത്താശ അല്ലെങ്കിൽ സമ്മതത്തോടുകൂടിയോ അല്ലെങ്കിൽ ഇവരുടെ ആരുടെയെങ്കിലും ഭാഗത്തുനിന്നുള്ള ഏതെങ്കിലും അവഗണന കാരണമോ ആണ് കുറ്റം ചെയ്തതെന്ന് തെളിയിക്കപ്പെട്ടാൽ, പ്രസ്തുത ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ എന്നിവരും കുറ്റകൃത്യത്തിൽ പങ്കാളികളാണെന്നു കണക്കാക്കുകയും കൂടാതെ അതിനെതിരെ ഉള്ള നടപടി ക്രമത്തിൽ ബാധ്യസ്ഥനായിരിക്കുകയും അതിനനുസരിച്ചു ശിക്ഷിക്കപ്പെടുകയും ചെയ്യും	
	അദ്ധ്യായം 6 **പലവകകൾ**	
ധനസഞ്ചയത്തിന്റെ ഘടന	36. (1) മറൈൻ ഫിഷറീസ് വികസന ഫണ്ട് എന്ന് വിളിക്കപ്പെടുന്ന ഒരു ഫണ്ട് ഉണ്ടായിരിക്കും, അതിലേക്ക് നിക്ഷേപിക്കപെടുക-	
	(a) ഈ നിയമത്തിന്റെ ഉദ്ദേശ്യങ്ങളിലേക്ക് കേന്ദ്ര സർക്കാർ നൽകുന്ന ഏതെങ്കിലും സഹായധനമോ വായ്പകളോ	
	(b) ഈ നിയമപ്രകാരം ശേഖരിച്ച എല്ലാ വരവുകളും ; ഒപ്പം	

	(c) ഈ നിയമത്തിന്റെ ആവശ്യങ്ങൾക്കായി സംസ്ഥാന ഗവൺമെന്റോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥാപനങ്ങളോ നൽകുന്ന ഏതെങ്കിലും സഹായധനമോ വായ്പകളോ	
	(2)മോട്ടോർ ഘടിപ്പിക്കാത്ത മീൻപിടുത്ത യാനങ്ങൾ പ്രവർത്തിപ്പിക്കുന്ന പരമ്പരാഗത മീൻപിടുത്തക്കാർ ഉൾപ്പെടെയുള്ള മീൻപിടുത്തക്കാരുടെ ക്ഷേമത്തിനായും സുസ്ഥിര വികസനത്തിനും സമുദ്ര മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളുടെയും നടത്തിപ്പിനുമായി ഫണ്ട് വിനിയോഗിക്കും	
	(3) കേന്ദ്ര സർക്കാർ, ഫണ്ട് പരിപാലിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന് വിജ്ഞാപനം വഴി ഒരു സ്ഥാപനത്തെ നിയമിക്കും	
അറിഞ്ഞിരിക്കേണ്ട കുറ്റകൃത്യങ്ങൾ	37. ക്രിമിനൽ കോഡിൽ അടങ്ങിയിരിക്കുന്ന എന്തുതന്നെയായാലും നടപടിക്രമം, 1973, വകുപ്പ് 28 പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ അറിവുള്ളതായിരിക്കും.	1974-ലെ 1
ഉത്തമവിശ്വാസ ത്തോടെ സ്വീകരിച്ച നടപടികളുടെ സംരക്ഷണം.	38. (1) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ വിധിന്യായമായി നിയമിക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അപ്പീൽ അധികാരിയോ ഈ നിയമത്തിലെ വ്യവസ്ഥകൾ പിന്തുടർന്ന് ഉത്തമവിശ്വാസത്തോടെ ചെയ്യുന്ന അല്ലെങ്കിൽ തന്റെ കടമ നിർവ്വഹിച്ചുകൊണ്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന ഏതൊരു കാര്യത്തിനും ഒരു ഹർജ്ജിയും പ്രോസിക്യൂഷനും മറ്റ് നിയമ നടപടികളും എതിരല്ല	
	2) ഉത്തമവിശ്വാസത്തോടെ ചെയ്തതോ ഈ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും മൂലം ഉണ്ടാകുന്ന, അല്ലെങ്കിൽ സംഭവിക്കാനിടയുള്ള, എന്തെങ്കിലും നാശത്തിന് ഒരു വ്യവഹാരമോ മറ്റ് നിയമനടപടികളോ സർക്കാരിനെതിരാവുകയില്ല (സർക്കാരിനെതിരെ ഉണ്ടാവുകയില്ല)	
നിയമങ്ങൾ ഉണ്ടാക്കാനുള്ള അധികാര ശക്തി	39. (1) സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച ശേഷം കേന്ദ്ര സർക്കാർ വിജ്ഞാപനത്തിലൂടെ, ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കിയേക്കാം	
	(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞവയുടെ അധികാരങ്ങളുടെ സാമാന്യതയ്ക്ക് മുൻവിധികളില്ലാതെ, അത്തരം നിയമങ്ങൾ താഴെപ്പറയുന്ന മുഴുവൻ അല്ലെങ്കിൽ ഏതെങ്കിലും വിഷയങ്ങൾക്കായി നൽകിയേക്കാം, അതായത്:	

	(a) വകുപ്പ് 7 ലെ ഉപവകുപ്പ് (3) പ്രകാരമുള്ള വിവരങ്ങളുടെ ശേഖരണം, ഒത്തുനോക്കൽ, നടപടിയാക്കൽ വ്യാപനം എന്നിവയുടെ രീതി	
	(b) വകുപ്പ് 10 പ്രകാരം മോട്ടോർ ഘടിപ്പിക്കാത്ത മീൻപിടുത്ത യാനം ഉപയോഗിക്കുന്ന മീൻപിടുത്തക്കാർ ഉൾപ്പെടെ പരമ്പരാഗത- ചെറുകിട മീൻപിടുത്തക്കാരുടെ ഉപജീവനവും സാമൂഹിക-സാമ്പത്തിക ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ	
	(c) വകുപ്പ് 12 പ്രകാരം ഇന്ത്യയിലെ സമുദ്ര മേഖലകളിലൂടെ കടന്നുപോകുന്ന വിദേശ മീൻപിടുത്ത കപ്പലുകൾ പിന്തുടരേണ്ട നടപടിക്രമം	
	(d) വകുപ്പ് 13 പ്രകാരംവെളിച്ചത്തിന്റെ ഉപയോഗം അനുവദിക്കാവുന്ന മീൻപിടുത്ത രീതികൾ	
	(e) ഉപവകുപ്പ് (2) പ്രകാരം ഉള്ള ഫോം, വിശദാംശങ്ങൾ, ഫീസ്, ഉപ വകുപ്പ് (4) പ്രകാരം ഫീസ് ശേഖരിക്കുന്ന രീതി, ഉപ വകുപ്പ് (5) പ്രകാരം ലൈസൻസ് നൽകാൻ ഉള്ള ഫോം, രീതി, സമയം എന്നിവയും വകുപ്പ് 17 -ലെ ഉപവകുപ്പ് (8) പ്രകാരം ലൈസൻസ് കൈമാറാൻ കഴിയുന്ന അസാധാരണമായ സാഹചര്യങ്ങൾ	
	(f) 18 ലെ ഉപ വകുപ്പുകൾ (1) ഉം (2) ഉം പ്രകാരം പ്രത്യേക ലൈസൻസിന്റെ നിബന്ധനകളും വ്യവസ്ഥകളും	
	(g) വകുപ്പ് 19 -ന്റെ ഉപ വകുപ്പ് (1) പ്രകാരം ലൈസൻസ് താല്ക്കാലികമായി നീക്കം ചെയ്യുന്നതും റദ്ദാക്കുന്നതും	
	(h) വകുപ്പ് 20-ലെ ഉപവകുപ്പ് (1) പ്രകാരം ചുമത്തേണ്ട ചാർജുകളും (വിലകളും) അത് ശേഖരിക്കുന്ന രീതിയും;	
	(i) വകുപ്പ് 21 ലെ ഉപ വകുപ്പ് (3) പ്രകാരം ഉള്ള ഉപദേശക സമിതിയുടെ ഘടനയും അതിന്റെ പ്രവർത്തന നിബന്ധനകളും	
	(j) വകുപ്പ് 23-ലെ ഉപ വകുപ്പ് (2) പ്രകാരം തടഞ്ഞുവച്ചിരിക്കുന്ന വിദേശ മീൻപിടുത്ത കപ്പലുകളിൽ നിന്ന് ഈടാക്കേണ്ട ചാർജുകൾ;	
	(k) അന്വേഷണ രീതിയും നടപടികൾ ആരംഭിക്കുന്നതും വകുപ്പ് 24 ന്റെ കീഴിലുള്ള ഉപവകുപ്പ് (1) പ്രകാരമുള്ള വിധികർത്താവിന്റെ അധികാരവും ഉപവകുപ്പ് (4), പ്രകാരമുള്ള വിധിനിർണയത്തിനുള്ള നടപടിക്രമവും	
	(l) വകുപ്പ് 27 ലെ ഉപ വകുപ്പ് (2), ന്റെ കീഴിൽ അപ്പീൽ അതോറിറ്റി അപ്പീൽ തീരുമാനിക്കുന്നതിനുള്ള നടപടിക്രമം	

	(m) വകുപ്പ് 33-ന്റെ ഉപ വകുപ്പ് (2) പ്രകാരം സമുദ്ര മത്സ്യബന്ധന പ്രവർത്തനങ്ങൾ;	
	(n) നിർദ്ദേശിക്കപ്പെടേണ്ടതോ അല്ലെങ്കിൽ നിർദ്ദേശിക്കപ്പെഡാൻ സാധ്യത ഉള്ളതോ ആയ മറ്റേതെങ്കിലും കാര്യം,	
നിയമനിർമ്മാണസഭക്കു മുൻപിൽ വയ്ക്കേണ്ട , നിർമ്മിച്ച (ഉണ്ടാക്കിയ) അല്ലെങ്കിൽ പ്രസിദ്ധീകരിച്ച നിയമങ്ങളും അറിയിപ്പുകളും	(40) ഈ വകുപ്പിന് കീഴിലുള്ള എല്ലാ നിയമങ്ങളും അത് നിർമ്മിച്ച ഉടൻ തന്നെ, എത്രയും വേഗം പാർലമെന്റിന്റെ ഓരോ സഭകളുടെ മുമ്പിലും അവ സമ്മേളിച്ചിരിക്കുന്ന സമയത്തു മൊത്തം മുപ്പത് ദിവസത്തെ കാലയളവിലേക്ക് ഒരു സമ്മേളനത്തിൽ അല്ലെങ്കിൽ ആ കാലയളവിൽ ഉൾപ്പെട്ടേക്കാവുന്ന രണ്ടോ അതിലധികമോ തുടർച്ചയായ സമ്മേളനങ്ങളിൽ നൽകേണ്ടതാണ്. കൂടാതെ സമ്മേളനം അവസാനിക്കുന്നതിന് മുൻപ് ഉടനടി സമ്മേളനത്തെ തുടർന്ന് അല്ലെങ്കിൽ മുൻസൂചിപ്പിച്ച പ്രകാരം തുടർ സമ്മേളനത്തിൽ ചട്ടത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഇരുസഭകളും സമ്മതിക്കുകയോ അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാൻ പാടില്ല എന്ന് ഇരുസഭകളും സമ്മതിക്കുകയോ ചെയ്താൽ അതിനുശേഷം അത്തരം പരിഷ്ക്കരിച്ച രൂപത്തിൽ മാത്രമേ ചട്ടങ്ങൾ പ്രാബല്യത്തിൽ വരികയുള്ളൂ അല്ലെങ്കിൽ സാഹചര്യ പ്രകാരം അതിനു പ്രാബല്യമുണ്ടവുകയില്ല. എന്നിരുന്നാലും, അത്തരത്തിലുള്ള ഏതെങ്കിലും പരിഷ്ക്കരണമോ അസാധുവാക്കലോ ആ നിയമത്തിന് കീഴിൽ മുമ്പ് ചെയ്ത എന്തിന്റെയും സാധുതയോട് എതിരഭിപ്രായം ഇല്ലാത്തതായിരിക്കും	
1976-ലെ നിയമം 80 ന്റെ പ്രാബല്യം	41. ടെറിട്ടോറിയൽ കടൽ, കോണ്ടിനെന്റൽ തട്ട്, സാമ്പത്തിക പരമാധികാര മേഖല , മറ്റ് സമുദ്ര മേഖല എന്നിവയെ സംബന്ധിച്ച 1976ലെ നിയമത്തിന്റെ വകുപ്പ് 7-ലെ ഉപ വകുപ്പ് (5) ലെ വ്യവസ്ഥകൾ, ഈ നിയമത്തിന്റെ ആവശ്യങ്ങൾക്കായി യാതൊരു പ്രാബല്യയും ഉണ്ടാകുകയില്ല	1976-ലെ 80.
ബുദ്ധിമുട്ടുകൾ നീക്കം ചെയ്യാനുള്ള അധികാര ശക്തി	42. (1) ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായാൽ, കേന്ദ്ര സർക്കാറിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവിലൂടെ, ബുദ്ധിമുട്ട് നീക്കുന്നതിന് ആവശ്യമായതോ ഉചിതമെന്നോ തോന്നിയേക്കാവുന്ന ഈ നിയമത്തിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്ത തരത്തിൽ ഉള്ള വ്യവസ്ഥകൾ ഉണ്ടാക്കാം.	

	എന്നാൽ, ഈ നിയമം ആരംഭിക്കുന്ന തീയതി മുതൽ മൂന്ന് വർഷം അവസാനിച്ചതിന് ശേഷം വരെ ഈ വകുപ്പിന് കീഴിൽ അത്തരം ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടില്ല	
	(2) ഈ വകുപ്പിന് കീഴിലുള്ള എല്ലാ നിയമങ്ങളും അത് നിർമ്മിച്ച ഉടൻ തന്നെ, എത്രയും വേഗം പാർലമെന്ററിന്റെ ഓരോ സഭകളുടെ മുമ്പിലും നൽകേണ്ടതാണ്.	
അസാധുവാക്കലും (റദ്ദാക്കലും) പരിരക്ഷണവും (നിലനിർത്തലും)	43. (1) ഇന്ത്യയുടെ സമുദ്ര മേഖലകൾ (വിദേശ യാനങ്ങളുടെ മീൻപിടുത്ത നിയന്ത്രണം)നിയമം, 1981, ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.	1981-ലെ 42
	(2) അത്തരത്തിലുള്ള അസാധുവാക്കൽ ഉണ്ടെങ്കിൽത്തന്നെയും ഏതെങ്കിലും അറിയിപ്പ്, ഉത്തരവ്, നിയമനങ്ങൾ (നിയോഗങ്ങൾ), സാക്ഷിപത്രങ്ങൾ, വിജ്ഞാപനം (പരസ്യം) അല്ലെങ്കിൽ സ്വീകാരപത്രം നൽകിയത്, അപേക്ഷ നൽകിയത് (ഉണ്ടാക്കിയത് / സമർപ്പിച്ചത്), അല്ലെങ്കിൽ ലൈസൻസ് അനുവദിച്ചത്, ഉൾപ്പെടെ എന്തെങ്കിലും ഈ നിയമ വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്തത് അങ്ങനെ റദ്ദാക്കിയ നിയമപ്രകാരം ചെയ്താലോ അല്ലെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചാലോ ഈ നിയമത്തിന്റെ അനുബന്ധ വ്യവസ്ഥകളുടെ കീഴിൽ ചെയ്തതായി അല്ലെങ്കിൽ എടുത്തതായി കണക്കാക്കും	